LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല, പക്ഷെ ഈ കാൎയ്യത്തെപ്പററി ആലോചിക്കുന്നുണ്ടു്.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സി. വി. ഇയ്യു: വിദേശമദ്യനിരോധനം എന്നുവെച്ചാൽ ബ്രാണ്ടി, വിസ്കി, അതായതു വൈൻ, ബീർ എന്നിതുകൾ ഒഴികെയുള്ള വിദേശമദ്യങ്ങളുടെ വില്പന തലപ്പിള്ളി, ക്രസ്റ്റിവപേട്ട മുതലായ സ്ഥലങ്ങളിൽ നിൎത്തുന്നതിന്നു് ഇപ്പോൾ ഗവൎമ്മെണ്ടിന്നു വല്ല വിഷമവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഈവക കാൎയ്യങ്ങൾ ആലോചനക്കു് എടുക്കുന്നതായാൽ പല ബുദ്ധിമുട്ടുകളുമുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: അതിന്റെ ലൈസൻസു ഫീസു് നഷ്ടപ്പെടുകയല്ലേ ഉള്ളു? ഇക്കാൎയ്യത്തിൽ ചെറുതുരുത്തി മുതലായ മദ്രാസ് പ്രോവിൻസിനോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലെങ്കിലും മദ്യനിരോധനം നടപ്പാക്കി, മദ്രാസ് ഗവൎമ്മെണ്ടുമായി സഹകരിച്ചു പ്രവൎത്തിച്ചു് ആ പ്രദേശങ്ങളിലെ ആളുകൾക്കു് ഒരു കിടക്കപ്പൊറുതിയുണ്ടാക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊല്ലത്തിന്റെ മദ്ധ്യത്തിൽവെച്ചു് ഇക്കാൎയ്യത്തിൽ ഇടപെടുകയാണെങ്കിൽ പ്രായോഗികമായ വിഷമങ്ങൾ ഉണ്ടായേക്കാമെന്നാണു് വിചാരിക്കുന്നതു്.

Mr. K. Ayyappan *(Minister for Works and Reveenue)*: Question numbers 11 and 12 may be put together.

Mr. President: Yes.

SIVASWAMI COMMITTEE REPORT—PUBLICATION OF

11. (104) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൎമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ശിവസ്വാമി കമ്മിററി റിപ്പോർട്ടു് എപ്പോൾ പ്രസിദ്ധംചെയ്യും;

(ബി) ആ റിപ്പോൎട്ടിലെ ശുപാൎശകൾ നടപ്പിൽ വരുത്തുവാൻ ഗവൎമ്മെണ്ടു നടപടികൾ നടത്തുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) & (ബി) ൨൯—൧൦—൧൯൪൮-ൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്സ് നോട്ടു നോക്കുക (*See Appendix*).

12. (16) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state,—

(*a*) whether they have received report of Sivaswami Committee on agrarian reform appointed by the Government;

(*b*) if so, whether they will be pleased to publish this report in the form of a pamphlet as well as in the Gazette;

(*c*) whether any orders have been passed on that report?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*), (*b*) & (*c*) The attention of the member is invited to the Press Note released on 29th October 1948.

Mr. C. V. Iyyu *(Kunnamkulam)*: Will the Hon'ble Minister be pleased to say whether the Government will be able to publish the report during this session of the Assembly?

Mr. K. Ayyappan *(Minister for Works and Revenue)*: It may not be possible.

മിസ്റ്റർ സി. വി. ഇയ്യു: ശിവസ്വാമി കമ്മിററിറിപ്പോൎട്ട് വരുന്നതിന്നു മുമ്പായിത്തന്നെ കൃഷിക്കാൎക്കു താല്ക്കാലികമായി ഒരു റിലീഫ് ഉണ്ടാക്കാൻ ഗവൎമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: താല്ക്കാലികമായി ഒരു റിലീഫ് കൊടുക്കേണ്ടുന്ന കാൎയ്യങ്ങളെക്കുറിച്ചു ഗവൎമ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: എന്തെല്ലാം കാൎയ്യങ്ങളാണു് ഗവൎമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: തേണ്ടാപാട്ടം സംബന്ധിച്ച കാൎയ്യമാണു്. അതിനെക്കുറിച്ചു് ഒരു തീരുമാനമെടുത്തിട്ടില്ല.